# കുടുംബശ്രീ

## മാസ്റ്റർ ഫാർമർ

ഫീൽഡ് തലത്തിൽ ജെഎൽജികൾക്ക് വേണ്ട പിന്തുണാ സഹായം ഏറ്റവും പ്രാപ്യമായ നിലയിൽ ഏതു സമയവും ലഭിക്കാവുന്ന രീതിയിൽ തൊട്ടടുത്ത 20 ജെഎൽജികൾക്ക് ഒരാൾ എന്ന നിലയിൽ തിരഞ്ഞെടുക്കുന്ന കർഷകയാണ് മാസ്റ്റർ ഫാർമർ. കർഷകർക്ക് വേണ്ട വിജ്ഞാനപ്രദമായ അറിവുകളും കാർഷിക സംബന്ധമായ മറ്റു സഹായങ്ങളും പ്രാദേശികമായി ലഭ്യമാക്കുന്നതിനുള്ള കണ്ണികളായി മാസ്റ്റർ ഫാർമർ പ്രവർത്തിക്കേണ്ടതാണ്.

**മാസ്റ്റർ ഫാർമർ ആകുന്നതിനുള്ള യോഗ്യതകൾ**

- 3 വർഷം ജെഎൽജി കൃഷിയിലുള്ള പങ്കാളിത്തം (പ്രവൃത്തി പരിചയം)
- 8 വർഷം കുടുംബശ്രീ അംഗത്വം ഉള്ളവരാകണം
- എഴുതാനും വായിക്കാനും അറിവുണ്ടായിരിക്കണം
- വിവിധയിനം കൃഷി ചെയ്യുന്ന ജെഎൽജി ഗ്രൂപ്പ് അംഗം ആയിരിക്കണം

**മുൻഗണനാ യോഗ്യതകൾ**

- മുൻ കുടുംബശ്രീ ഭാരവാഹികൾ
- യാത്ര ചെയ്യുന്നതിനും പരിശീലനങ്ങളിൽ പങ്കെടുക്കുന്നതിനും തയ്യാറായിട്ടുള്ളവർ
- ജൈവകൃഷിരീതി അറിവുള്ളവരും പിന്തുടരുന്നവരും
- നേതൃത്വപാടവം ഉള്ളവർ
- പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും നൽകുന്നതിനും കഴിവുള്ളവർ

- റിപ്പോർട്ടുകൾ, വിവരശേഖരണം, ഡോക്യുമെന്റേഷൻ എന്നിവ കൃത്യമായി ചെയ്യുന്നവർ

**മാസ്റ്റർ ഫാർമർ തിരഞ്ഞെടുപ്പ് പ്രക്രിയ**

- സിഡിഎസ് തലത്തിൽ ജിഒറ്റി സംഘടിപ്പിക്കുക
- നിലവിലുള്ള എം.എഫ്. കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെങ്കിൽ ആവശ്യമുള്ള മാസ്റ്റർ ഫാർമാരുടെ 3 ഇരട്ടി എണ്ണം ആളുകൾ ജിഒറ്റിയിൽ പങ്കെടുക്കേണ്ടതാണ്. അതിൽ നിന്നും 2 പേരെ തിരഞ്ഞെടുത്ത് ജില്ലാതലത്തിൽ വീണ്ടും തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.
- പങ്കെടുക്കുന്ന ആളുകളുടെ എണ്ണം കണക്കാക്കി ക്ലസ്റ്റർ തലത്തിൽ ജിഒറ്റി സംഘടിപ്പിക്കാവുന്നതാണ്.
- ജിഒറ്റിയിൽ പങ്കെടുക്കാൻ വരുന്ന മാസ്റ്റർ ഫാർമർ ഒരു ലേഖനം/വിവരകുറിപ്പ് തയ്യാറാക്കി കൊണ്ടുവരേണ്ടതാണ്.
- ജിഒറ്റിയിൽ രണ്ടു ഘട്ട രജിസ്ട്രേഷൻ ഉണ്ടായിരിക്കും. ആദ്യഘട്ട രജിസ്ട്രേഷനു ശേഷം ഒരു ഓറിയന്റേഷൻ ക്ലാസ് നടത്തി രണ്ടാംഘട്ട രജിസ്ട്രേഷൻ നടത്തുന്നു.
- ടെസ്റ്റ് നടത്തി തിരഞ്ഞെടുത്ത ആളുകൾക്ക് അവസാന ഘട്ട തിരഞ്ഞെടുപ്പ് കുടുംബശ്രീ ട്രെയിനിംഗ് ഗ്രൂപ്പുകൾ നടത്തി ലിസ്റ്റ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് സമർപ്പിക്കുന്നു.
- അവതരണ മികവ്, വ്യക്തത, ചോദ്യോത്തര മികവ് എന്നിവയ്ക്കായിരിക്കും മാർക്ക് ലഭിക്കുക

**ബ്ലോക്ക് കോർഡിനേറ്ററുടെ ചുമതലകൾ**

- സിഡിഎസ്/ക്ലസ്റ്റർ തല മീറ്റിംഗുകൾ സംഘടിപ്പിക്കുക
- 4 ബ്ലോക്ക് കോർഡിനേറ്റർ അടങ്ങുന്ന ക്ലസ്റ്റർ ടീം രൂപീകരിക്കുക

- ജെഎൽജി കളുടെ എണ്ണം കണക്കാക്കി ബ്ലോക്കിനെ ക്ലസ്റ്റർ ആയി തിരിക്കാവുന്നതാണ് (ഒരു ക്ലസ്റ്ററിൽ പരമാവധി 75-85 വരെ എം.എഫ്)

- ബ്ലോക്ക് കോർഡിനേറ്റർ ചുമതലയുള്ള സിഡിഎസ് ഒഴിവാക്കി ക്ലസ്റ്റർ ചാർജ്ജ് വഹിക്കേണ്ടതാണ്.

**മാസ്റ്റർ ഫാർമർ ഗ്രൂപ്പിംഗ്**

- സിഡിഎസ്/ബ്ലോക്ക്/ക്ലസ്റ്റർ തലത്തിൽ 4 മുതൽ 7 വരെ പേർ അടങ്ങുന്ന മാസ്റ്റർ ഫാർമർ ടീം രൂപീകരിച്ച് ജില്ലാതലത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുക

- മാസ്റ്റർ ഫാർമർ ഗ്രൂപ്പ് എം.ഇ. ഗ്രൂപ്പായി രജിസ്റ്റർ ചെയ്ത് വരുമാന വർദ്ധന മാർഗങ്ങൾ കണ്ടെത്തുക

- ജെഎൽജികൾ രൂപീകരിച്ച് രജിസ്ട്രേഷൻ/അഫിലിയേഷൻ എഫ്എഫ്സി യിൽ നടത്തുന്നതിൽ നിന്നും 20%

- ജെഎൽജികൾക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും വായ്പ ലഭിക്കുമ്പോൾ ഗ്രൂപ്പിൽ നിന്നും 1 ലക്ഷം രൂപയ്ക്ക് 100 രൂപ എന്ന നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതാണ്.

- എഫ്എഫ്സികൾ വഴി നടത്തുന്ന ജെഎൽജി പരിശീലനങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂഷൻ ചാർജ്ജ് 500 രൂപ ഈടാക്കാവുന്നതാണ്. (അതിൽ നിന്നും എംഎഫ് ന് 100 രൂപ)

- മറ്റ് സംരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതു വഴിയും ഗ്രൂപ്പിന് വരുമാന മാർഗം കണ്ടെത്താവുന്നതാണ്.

- എഫ്എഫ്സി മെഷിനറി വാടക, വിപണനമേളകൾ എന്നിവയിൽ നിന്നും

**മാസ്റ്റർ ഫാർമറുടെ ചുമതലകൾ**

- പുതിയ ഗ്രൂപ്പുകൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുക, യഥാസമയം അഫിലിയേഷൻ പുതുക്കുന്നതിന് സഹായിക്കുക

- പ്രാദേശിക പരിശീലനങ്ങൾ പ്ലാൻ ചെയ്ത് നടപ്പിലാക്കുക
- ജെഎൽജികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക
- ജെഎൽജികൾക്ക് കാർഷിക വായ്പ, മറ്റു ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്യുക
- ജെഎൽജികളുടെ ഫീൽഡ് വിസിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കുക
- വിവരശേഖരണം നടത്തുകയും വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുകയും ചെയ്യുക
- എഫ്എഫ്സി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മെഷിനറി ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുക
- എഫ്എഫ്സി മീറ്റിംഗുകൾ, അഗ്രി ക്ലീനിക്കുകൾ, പരിശീലനങ്ങൾ, ക്യാമ്പെയിനുകൾ എന്നിവ സംഘടിപ്പിക്കുക
- ജെഎൽജി ഡാറ്റാ ബുക്ക്, വർക്ക് ഡയറി എന്നിവ മാസ്റ്റർ ഫാർമർ കൈവശം സൂക്ഷിക്കേണ്ടതാണ്.
- എല്ലാ ആഴ്ചയും എഫ്എഫ്സി യിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

**സിഡിഎസ്സിന്റെ ചുമതലകൾ**

- മാസ്റ്റർ ഫാർമറെ തിരഞ്ഞെടുക്കുന്നതിനായി നിലവിലുള്ളതും പുതുതായി പ്രവർത്തിക്കാൻ താല്പര്യമുള്ളതുമായ കർഷകരെ തിരഞ്ഞെടുത്ത് നല്കുക
- തിരഞ്ഞെടുക്കപ്പെടുന്ന മാസ്റ്റർ ഫാർമർക്ക് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കി കൊടുക്കുക

- എഫ്എഫ്സി പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും മീറ്റിംഗുകൾ, പരിശീലനങ്ങൾ, മെഷീനറി ഉപയോഗം, രജിസ്ട്രേഷൻ, ലിങ്കേജ് എന്നിവ കൃത്യമായി നടപ്പാക്കുകയും ചെയ്യുക

- എംഐഎസ് എൻട്രി ഉറപ്പുവരുത്തൽ

**മാസ്റ്റർ ഫാർമർ തിരഞ്ഞെടുപ്പ് – ജിഒറ്റി – പഠനരേഖ**

**പദ്ധതി പരിചയപ്പെടൽ**

എന്താണ് ജെഎൽജി, എന്തൊക്കെ പ്രവർത്തനങ്ങൾ, ജെഎൽജി കൾക്ക് ചെയ്യാൻ കഴിയും, ജെഎൽജി രൂപീകരിക്കൽ, രജിസ്ട്രേഷൻ, അഫിലിയേഷൻ, ജെഎൽജി അംഗത്വം, ജെഎൽജി മീറ്റിംഗുകൾ, രജിസ്റ്ററുകൾ.

**ജെഎൽജി ലിങ്കേജ്**

കാർഷിക വായ്പകൾ, നടപടി ക്രമങ്ങൾ, സബ്സിഡി തിരിച്ചടവ്

എഫ്എഫ്സി – കർഷക സഹായ കേന്ദ്രങ്ങൾ

എന്താണ് എഫ്എഫ്സി, എഫ്എഫ്സി യുടെ ലക്ഷ്യങ്ങൾ, എഫ്എഫ്സി പ്രവർത്തനങ്ങൾ, മീറ്റിംഗുകൾ, ക്ലിനിക്കുകൾ, പരിശീലനങ്ങൾ, എഫ്എഫ്സി ധനവിനിയോഗം.

**പരിശീലന ചെലവ്**

50 പേരടങ്ങുന്ന ഒരു മീറ്റിംഗിന് 1000/– രൂപ.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**